വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, മഞ്ചേശ്വരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആനുബന്ധമായി 5 കിലോമീറ്റർ 110 കെ. വി. ലൈൻ നിർമ്മിക്കുന്നതിന് 257 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു എസ്റ്റിമേറ്റിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സബ് സ്റ്റേഷന്റെ പണികഴിക്കായി 15 ഏക്കർ സർക്കാർ ഭൂമി കൈമാറ്റം ചെയ്തു എടുക്കുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. സ്ഥലമെടുപ്പിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്ഥലം ലഭിച്ചു കഴിഞ്ഞാൽ സബ് സ്റ്റേഷന്റെ പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

## (7) തഴപ്പായ് നെയ്ത്തുതൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ആയിരക്കണക്കിന് തഴപ്പായ് നെയ്ത്തു തൊഴിലാളികളുണ്ട്. വളരെ വിഷമകരമായിട്ടുള്ള സാഹചര്യത്തിലാണ് ഇവർ ജോലി ചെയ്യുന്നത്. കൈത ഓല ഇന്ന് ലഭിക്കുന്നില്ല. അതു പോലെതന്നെ ഇവർ നെയ്യുന്ന തഴപ്പായയ്ക്ക് ന്യായമായ വില കിട്ടുന്നില്ല. ഈ തൊഴിലാളികളൊക്കെ അസംഘടിതരാണ്. അതുകൊണ്ട് ഈ അസംഘടിത മേഖലയിലെ ലക്ഷക്കണക്കിനു തൊഴിലാളികൾക്ക് ക്ഷേമനിധി നിയമം കൊണ്ടുവന്ന് പാസ്സാക്കി നടപ്പാക്കുന്ന ഒരു ഗവൺമെൻറാണിത്. പെൻഷൻ അടക്കമുള്ള ക്ഷേമനിധി ഈ തൊഴിലാളികൾക്ക് നടപ്പാക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, തഴപ്പായ്, കൂട്ട ഇവയൊക്കെ നെയ്തു ജീവിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. കേരള ബാംബു വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബിൽ എന്നൊരു ബിൽ ഈറ, മുള, ചൂരൽ ഇവയൊക്കെകൊണ്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. പ്രത്യേകിച്ചും അസംഘടിതരായ തൊഴിലാളികളാണ് ഇവർ. ഇതിൽ വലിയൊരു ഭാഗം ഹരിജനങ്ങളും ആദിവാസികളുമാണ്. ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിലെ വ്യവസ്ഥകളിൽ 60 വയസ്സായ തൊഴിലാളികൾക്കു പെൻഷൻ നൽകുന്നതിന് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് തുടങ്ങിയ പല വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. ഈ കൂട്ടത്തിൽ തഴപ്പായ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് അതു പരിശോധിച്ചു. ഈ ബില്ലിന്റെ പരിധിയ്ക്കകത്ത് തഴപ്പായ നെയ്ത്തു തൊഴിലാളികളെ കൂടി ഉൾക്കൊള്ളിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ ബിൽ നിയമമാകുന്ന സന്ദർഭത്തിൽ ഔദ്യോഗിക ഭേദഗതിയിലൂടെ അതിന് നടപടി സ്വീകരിക്കുന്നതാണ്.

## (8) മലബാർ സിമൻറ്സ് ഫാക്ടറിയുടെ ദുരവസ്ഥ

ശ്രീ. പി. ബാലൻ: സർ, പാലക്കാട് ജില്ലയിലെ മലബാർ സിമൻറ്സ് ഫാക്ടറി ഇന്ന് അസംസ്കൃത വസ്തുക്കൾ കിട്ടാതെയും ഉദ്യോഗസ്ഥൻമാരുടെ കിടമൽസരവും അഴിമതിയും എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടും നിത്യേന നഷ്ടത്തിൽ പോകുകയാണ്. രണ്ടു കോടി രൂപയുടെ യന്ത്രസാമഗ്രികളും കഴിഞ്ഞ വർഷമാണ് വാങ്ങിയത്. 18 ലക്ഷം രൂപ ചെലവ് ചെയ്ത് മണ്ണ് മാറുന്ന ഫോഴ്സ്ലയിൻ യന്ത്രം കൊണ്ടുവന്നിട്ട് യാതൊരു പ്രവൃത്തിയും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതു പിന്നെയും കേടായി. അതുനേരെയാക്കാൻ മദിരാശിയിൽ കൊണ്ടു പോകണം. മെക്കാനിക്കൽ എഞ്ചിനീയറായി ഒരാളെ നിശ്ചയിച്ചിട്ടുണ്ട്. അയാളം പർച്ചേസിംഗാണ് നടത്തുന്നത്. അവിടെയുള്ള വേറൊരു ഉദ്യോഗസ്ഥൻ ആന്ധ്രായിൽ ഒരു സിമൻറ് ഫാക്ടറി രജിസ്റ്റർ ചെയ്ത് അവിടെ പ്രവൃത്തിയെടുക്കാൻ പോയി. ഉദ്യോഗസ്ഥൻമാരുടെ കാല് വാരല് അമിതമായ രാഷ്ട്രീയ ഇടപെടൽ എല്ലാമുണ്ട്. അവിടെ ഭരണകക്ഷിയിൽപ്പെട്ട സി. പി ഐ.-യുടെ എ. ഐ. ടി. യു. സി. സമരത്തിലാണ്. അതുകൊണ്ട് അഴിമതി സ്വജനപക്ഷപാതം എന്നുവേണ്ട സർവ്വവും കൊണ്ട് ആ നല്ല സ്ഥാപനം നശിച്ചുപോകുകയാണ്. അതിന് ഉടൻ നടപടിയുണ്ടാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ): സർ, അഴിമതിയും സ്വജനപക്ഷപാതവും കൊണ്ട് ആ സ്ഥാപനം നശിക്കുന്നില്ല. കഴിഞ്ഞവർഷവും ഈ വർഷവും ഇതിനാവശ്യമായ കല്ല് തമിഴ്നാട്ടിൽ നിന്ന് കിട്ടുന്നതിനും അത് കൊണ്ടുവരുന്നതിനുമുള്ള ബുദ്ധിമുട്ടുണ്ടായി. അതേ സമയം കോം കമ്പനിയിൽ നടന്നതായ പണിമുടക്കിന്റെ അടിസ്ഥാനത്തിൽ കോം കിട്ടാതെ വന്നതുകൊണ്ട് അവിടെ പ്രൊഡക്ഷൻ അൽപ്പം കുറഞ്ഞിട്ടുണ്ട്. അതാണ് അവിടെ നടന്നിരിക്കുന്നത്. അവിടെ ഒന്നു രണ്ട് ഉദ്യോഗസ്ഥൻമാരുടെ പേരിൽ അഴിമതിയുണ്ടെന്നു പറഞ്ഞതു കൊണ്ട് വിജിലൻസിനെക്കൊണ്ടും മറ്റും അന്വേഷിപ്പിക്കുന്നുണ്ട്. അല്ലാതെ അവിടെ ഒരു സ്വജനപക്ഷപാതവും ഈ ഗവൺമെൻറ് നടത്തുന്നില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം അങ്ങനെ ആരെയും ഈ വിധത്തിൽ നിയമിച്ചിട്ടില്ല. വെറുതെയാണ് അഴിമതിയും സ്വജനപക്ഷപാതവും പറയുന്നത്. കമ്പനിയുടെ പ്രവർത്തനം ആണെങ്കിൽ 1988-89-ലാണ് കമ്പനി ആദ്യമായി ലാഭത്തിൽ പ്രവർത്തിക്കുന്നത്. അതുവരെ കമ്പനി നഷ്ടമായിരുന്നു. മുൻപ് പറഞ്ഞ കാരണങ്ങളുണ്ടായിരുന്നതുകൊണ്ടാണ് നഷ്ടമായിരുന്നത്. ഈ വർഷവും ലാഭമുണ്ടാകുമെന്നാണ് ഗവൺമെൻറിന്റെ പ്രതീക്ഷ. അതുകൊണ്ട് വെറുതെ അനാവശ്യമായ വിധത്തിലുള്ള കാര്യമാണ് ഇവിടെ പറഞ്ഞത്.

## (9) തയ്യൽ തൊഴിലാളികൾക്കു ക്ഷേമനിധി

ശ്രീ. വി. പി. രാമകൃഷ്ണപിള്ള: നമ്മുടെ രാജ്യത്തിലെ ലക്ഷക്കണക്കിന് തയ്യൽ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം പലതവണ ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. നാളെ ലക്ഷക്കണക്കിന് വരുന്ന തയ്യൽ തൊഴിലാളികളുടെ ഒരു ധർണ്ണ സെക്രട്ടേറിയറ്റ് നടയിൽ നടക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് എന്ത് അടിയന്തിര നടപടി സ്വീകരിക്കുന്നുവെന്നതിനെ സംബന്ധിച്ച് വിശദീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, കേരളത്തിലെ തയ്യൽ തൊഴിലാളികൾക്ക് പെൻഷൻ, ചികിൽസാ സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ തുടങ്ങിയ ക്ഷേമാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly